.

നം.326/ഇ2/2018/കെഎസ്എച്ച്ഒ 13/03/2018

# കരാർ നിയമനങ്ങൾ (വിജ്ഞാപനം)

## സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ)

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) സംസ്ഥാന ഓഫീസിലേയ്ക്കും വിവിധ ജില്ലാ മിഷനുകളിലേയ്ക്കും കരാർ അടിസ്ഥാനത്തിലുള്ള വിവിധ ഒഴിവുകളിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഒരു വർഷക്കാലത്തേയ്ക്ക് കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നതിന് താൽപ്പര്യമുള്ള, യോഗ്യതയും പരിചയസമ്പത്തുമുള്ള ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിശദമായ ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, ഡിമാന്റ് ഡ്രാഫ്റ്റ് എന്നിവ സഹിതം ഇതോടൊപ്പം ചേർത്തിട്ടുള്ള നിശ്ചിത ഫോർമാറ്റിൽ അപേക്ഷകൾ ***പി.ബി.നം.436, തൈക്കാട് പി.ഒ, തിരുവനന്തപുരം* – 695014** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി **03/04/2018.** കൂടുതൽ വിവരങ്ങൾക്ക് കുടുംബശ്രീ വെബ്സൈറ്റ് (www.kudumbashree.org) സന്ദർശിക്കുക.

1. ഒഴിവുകളുടെ എണ്ണത്തിൽ മാറ്റം ഉണ്ടായേക്കാം.
2. എല്ലാ തസ്തികകൾക്കും കംപ്യൂട്ടർ പരിജ്ഞാനം ആവശ്യമാണ്.
3. 31/12/2017 വരെയുള്ള പ്രവൃത്തി പരിചയമായിരിക്കും കണക്കാക്കുക.
4. ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയ്ക്കു ശേഷമുള്ള പ്രവൃത്തി പരിചയം മാത്രമേ കണക്കാക്കുകയുള്ളൂ.
5. 03/04/2018 നു ശേഷം ലഭിക്കുന്ന എല്ലാ അപേക്ഷകളും നിരസിക്കുന്നതാണ്.
6. അപേക്ഷകർ എക്സിക്യൂട്ടീവ് ഡയറക്ടർ, സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) എന്ന പേരിൽ എടുത്ത എസ്.ബി.ഐ, തിരുവനന്തപുരം മെഡിക്കൽകോളേജ് ബ്രാഞ്ചിൽ മാറാവുന്ന 500/– രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
7. അപേക്ഷകരുടെ എണ്ണത്തിനനുസരിച്ച് എഴുത്തുപരീക്ഷയും അഭിമുഖവും അല്ലെങ്കിൽ അഭിമുഖം മാത്രമായോ നടത്തുന്നതിനുള്ള അധികാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

| ക്രമ നം. | ഒഴിവുള്ള തസ്തികകൾ | ഒഴിവ് | ആവശ്യമായ വിദ്യാഭ്യാസ യോഗ്യത | മുൻപരി ചയം | കൂടിയ പ്രായ പരിധി | പ്രതിമാസ വേതനം |
|---|---|---|---|---|---|---|
| 1. | Code : AGR 001<br>പ്രോഗ്രാം മാനേജർ (അഗ്രിക്കൾച്ചർ) | 1 | അഗ്രികൾച്ചറിൽ ബിരുദാനന്തര ബിരുദം | സർക്കാർ, അർദ്ധ സർക്കാർ വകുപ്പുകൾ / സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ അംഗീകൃത സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ, പ്രോജക്ടുകൾ എന്നിവയിൽ ***7 വർഷത്തെ പ്രവൃത്തി പരിചയം നിർബന്ധം.*** കാർഷികമേഖലയിൽ പ്രവൃത്തിപരിചയമുള്ളവർക്ക് മുൻഗണന. | 45 | 60,000 |
| 2. | Code : AGR 002<br>സ്റ്റേറ്റ് അസി.പ്രോഗ്രാം മാനേജർ / ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർ (എം.കെ.എസ്.പി. അഗ്രിക്കൾച്ചർ/ വാല്യൂചെയിൻ) | 4 | അഗ്രികൾച്ചറിൽ ബിരുദാനന്തര ബിരുദം / എം.ബി.എ (അഗ്രിക്കൾച്ചർ) | ***പ്രവൃത്തി പരിചയം നിർബന്ധമില്ല.*** സർക്കാർ, അർദ്ധ സർക്കാർ വകുപ്പുകൾ / സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ അംഗീകൃത സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ, പ്രോജക്ടുകൾ എന്നിവയിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണനയും കൂടിയ ശമ്പളവും. കാർഷികമേഖലയിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന. | 45 | 5 വർഷമോ അതിൽ കൂടുതലോ പ്രവൃത്തി പരിചയമുള്ളവർക്ക് 40,000 രൂപയും, 3 വർഷം മുതൽ 5 വർഷം വരെ പ്രവൃത്തി പരിചയമുള്ളവർക്ക് 35,000 രൂപയും, 3 വർഷത്തിനു താഴെ പ്രവൃത്തി പരിചയമുള്ളവർക്കും പ്രവൃത്തി പരിചയം ഇല്ലാത്തവർക്കും 30,000 രൂപയും. |

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ)